**ഭരണഭാഷ - മാതൃഭാഷ**

Registered Tapal

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com

04712561307

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ആസ്ഥാന കാര്യാലയ ക്ലാർക്ക് തസ്തിക - കൊല്ലം ജില്ലാ പി.എസ്.സി നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥിയെ ₹ 26500 - 60700 വേതന നിരക്കിലുള്ള ആസ്ഥാന കാര്യാലയ ക്ലാർക്ക് തസ്തികയിൽ താൽക്കാലിക നിയമനം അനുവദിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

വായന:-1.24.02.2024 - ലെ ക്യു.ആർ I (1) 376547/2020 (3) നമ്പർ കൊല്ലം ജില്ലാ പി.എസ്.സി ഓഫീസറുടെ നിയമന ശിപാർശ

2.05.03.1974 - സ.ഉ (പി) നം.49/74/പി.ഡി നമ്പർ സർക്കാർ ഉത്തരവ്

3.18.07.1974 - സ.ഉ (കൈ) നം.170/74/പി.ഡി നമ്പർ സർക്കാർ ഉത്തരവ്

4.29.03.1990 - ലെ സർക്കാർ സർക്കുലർ മെമ്മോറാണ്ടം നം.3737/റൂൾസ്/1/90/പി&എആർഡി

5.15.02.1991 - ലെ സ.ഉ (പി) നം.7/91/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്

6.06.06.2011- ലെ സ.ഉ (പി) നം.15/2011/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്

7.30.06.2011- സ.ഉ (പി) നം. 20/2011/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്

8.07.01.2013 - സ.ഉ (പി) നം. 20/2013/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്

9.03.04.2013 - ലെ സ ഉ (പി) നം.149/2013 നമ്പർ സർക്കാർ ഉത്തരവ്

10.15.11.2016 - ലെ സ.ഉ (പി) നം.171/2016/ധന നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ് നമ്പർ. ഇഡി1/980/2024/ഡിടിഇ തീയതി 15-03-2024**

**ഉത്തരവ്**

വായന (1) നിയമന ശിപാർശ പ്രകാരം, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയ ക്ലാർക്ക് തസ്തികയിൽ കൊല്ലം ജില്ലാ പബ്ലിക് സർവ്വീസ് കമ്മിഷൻ നിയമന ശിപാർശ ചെയ്തിരിക്കുന്ന ചുവടെ ചേർക്കുന്ന ഉദ്യോഗാർത്ഥിയെ, 1958 - ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ ഭാഗം II പൊതു ചട്ടം 3(സി), 9 (എ)(ഐ), 10 (ബി) എന്നിവകൾക്ക് വിധേയമായി, ഈ വകുപ്പിലെ ₹ 26500 - 60700 വേതന നിരക്കിലുള്ള ആസ്ഥാന കാര്യാലയ ക്ലാർക്ക് തസ്തികയിൽ താൽക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

2.വായന (2) സർക്കാർ ഉത്തരവ് പ്രകാരം, ഉദ്യോഗാർത്ഥിയുടെ സ്വഭാവവും, പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം ടി താൽക്കാലിക നിയമനം അറിയിപ്പ് കൂടാതെ റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. സ്വഭാവവും, പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് പരിശോധനയിൽ തെളിയുന്ന മുറയക്ക് മാത്രമേ ടി താൽക്കാലിക നിയമനം ക്രമീകരിക്കുന്നതിന് ഉദ്യോഗാർത്ഥി അർഹത നേടുകയുള്ളൂ.

3.നിയമനം സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിയമന ശിപാർശയിലെ ക്രമ നമ്പർ | പേരും, മേൽവിലാസവും | താൽക്കാലിക നിയമനം അനുവദിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | **അഞ്ജു.വി.ആർ<br>അഞ്ജു ഭവൻ,പുളിയില,<br>പള്ളിമൺ.പി.ഒ,<br>കൊല്ലം - 691576** | **സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്<br>ഡയറക്ടറുടെ കാര്യാലയം, പത്മവിലാസം<br>റോഡ്, ഫോർട്ട്.പി.ഓ<br>തിരുവനന്തപുരം - 23** |

4.ഉദ്യോഗാർത്ഥി, ചുവടെ ഒപ്പ് ചാർത്തിയിരിക്കുന്ന നിയമന അധികാരി മുൻപാകെ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി / സമുദായം എന്നിവ തെളിയിക്കുന്ന **അസ്സൽ** രേഖകൾ, അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ തൻറെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ, ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ, പി.എസ്.സി നിയമന ശിപാർശയുടെ അസ്സൽ എന്നിവ സഹിതം **<u>03.04.2024 നോ അതിനു മുൻപോ</u>** ജോലിക്കു ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ടി നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

5.ഒഴിവില്ലാത്ത കാരണത്താൽ ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്ന പക്ഷം നിയമന ശിപാർശ ചെയ്ത കൊല്ലം ജില്ല പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ പുനർ നിയമനത്തിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതോ, അല്ലാത്തപക്ഷം ഈ വകുപ്പിൽ ഒഴിവ് വരുന്നത് വരെ പുനർ നിയമനത്തിനായി ഏത് തസ്തികയിൽ നിന്നാണോ വിട്ടയക്കപ്പെട്ടത് ആ തസ്തികയിൽ നിരീക്ഷണാർത്ഥിയായി തുടരാവുന്നതോ ആണ്.

6.സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിന് ശേഷം ലഭിക്കുന്ന ജനന തീയതി തിരുത്തുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

7.ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി പരാമർശം (3) സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വഭാവവും, പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിനാവശ്യമായ സാക്ഷ്യപ്പത്ര ഫാറം പൂരിപ്പിച്ച് നൽകേണ്ടതാണ്.

8.വായന (8) & (9) എന്നീ സർക്കാർ ഉത്തരവുകളിലെ സേവന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും ടി ഉദ്യോഗാർത്ഥിയുടെ നിയമനം.

9.വായന (10) സർക്കാർ ഉത്തരവ് പ്രകാരം, ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ഉദ്യോഗാർത്ഥിയുടെ പേരിലുള്ള സ്ഥാവര - ജംഗമ വസ്തുകളെ കുറിച്ചുള്ള വിവരം

I/73614/2024

നിശ്ചിത പ്രോഫോർമയിൽ രേഖപ്പെടുത്തി നൽകേണ്ടതാണ്.

Sunil Kumar C V
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

**അഞ്ജു.വി.ആർ**
**അഞ്ജു ഭവൻ, പുളിയില, പള്ളിമൺ.പി.ഒ,**
**കൊല്ലം - 691576**

**..................................................**

ANJU.V.R
ANJU BHAVAN, PULIYILA
PALLIMON.P.O, KOLLAM - 691576

**(രജി വിത്ത് എ.ഡി. കാർഡ് സഹിതം)**

പകർപ്പ്

1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ,തിരുവനന്തപുരം
2.സൂപ്രണ്ട്.ജീവനക്കാര്യം (എ) വിഭാഗം,ഡിടിഇ (വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പിസിഎൻ - 180010128 അസ്സൽ, നിയമന ശിപാർശയുടെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു)
3.സൂപ്രണ്ട്.ജീവനക്കാര്യം (ജി) / അക്കൌണ്ട്സ് വിഭാഗം, ഡിടിഇ
4.ഇ - ഓഫീസ് കരുതൽ സഞ്ചയം

Signed by
Sunil Kumar C V
Date: 15-03-2024 16:49:36